**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 470 | 29.06.2015-ലെ മറുപടിയ്ക്ക്

## പൊന്നാനി മണ്ഡലത്തിലെ ത്രിവേണി മൊബൈൽ യൂണിറ്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പൊന്നാനി മണ്ഡലത്തിൽ കൺസ്യൂമർ ഫെഡിന് കീഴിലുള്ള മൊബൈൽ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (ബി) | മൊബൈൽ ത്രിവേണി പ്രവർത്തിക്കുന്ന വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധമായ കാര്യങ്ങൾ ക്രമീകരിക്കുന്നതിനു വേണ്ടിയാണ് പ്രവർത്തനം നിർത്തിവച്ചിരിക്കുന്നത്. |
| (സി) | പ്രസ്തുതമൊബൈൽ യൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്രേക്ക് ടെസ്റ്റ് വർക്കുകൾ നടത്തുന്നതിന് ക്വൊട്ടേഷൻ സ്വീകരിച്ച് പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | മലപ്പുറം ജില്ലയിൽ ഏതെല്ലാം നിയമസഭാ മണ്ഡലങ്ങളിലാണ് ഇപ്പോൾ മൊബൈൽ ത്രിവേണി യൂണിറ്റ് പ്രവർത്തിക്കുന്നത്; ഓരോ സ്ഥലത്തേയും വിറ്റുവരവ് എത്രയാണെന്ന് വിശദമാക്കുമോ? | (ഡി) | മലപ്പുറം ജില്ലയിൽ വേങ്ങര നിയോജക മണ്ഡലത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന മൊബൈൽ ത്രിവേണി യൂണിറ്റിലെ ശരാശരി ദിവസ വിറ്റുവരവ് 2500/- രൂപയാണ്. |

സെക്ഷൻ ഓഫീസർ